LIBRARY ARCHIVES Kerala Legislative Assembly

ഹൗസിംഗ് റെന്റൽ സർവ്വീസ്

37 [1331] ശ്രീ. റോഷി അഗസ്റ്റിൻ:
,, തോമസ് ചാഴികാടൻ:
,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഭവന നിർമ്മാണ ബോർഡിന് "ഹൗസിംഗ് റെന്റൽ സർവ്വീസ്" ആരംഭിക്കുവാൻ പദ്ധതിയുണ്ടോ;

(ബി) എങ്കിൽ കേരളത്തിൽ എവിടെയൊക്കെയാണ് ഈ പദ്ധതി പ്രകാരം വീടുകൾ വാടകയ്ക്ക് നൽകുവാൻ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കാമോ;

(സി) സാധാരണക്കാർക്ക് താങ്ങാവുന്ന വാടകയ്ക്ക് വീടുകൾ നൽകാൻ ബോർഡ് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരളത്തിൽ ഉടനീളം ബോർഡ് നടപ്പാക്കിയ പദ്ധതികളിൽ ലേല വിൽപ്പന പ്രകാരം വിറ്റുപോകാതെ അവശേഷിക്കുന്ന യൂണിറ്റുകളാണ് വാടകയ്ക്ക് നൽകുവാൻ ഉദ്ദേശിക്കുന്നത്.

(സി) നടപടികൾ ബോർഡ് സ്വീകരിക്കുന്നതാണ്.

ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനം

38 [1332] ശ്രീ. കോവൂർ കുഞ്ഞുമോൻ:
,, എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭവന നിർമ്മാണ ബോർഡിന്റെ വകയായി എത്ര വസ്തുവകകൾ ഉണ്ട് എന്നും ആയത് എവിടെയൊക്കെയാണെന്നും എന്ത് വിസ്തീർണ്ണമുണ്ടെന്നും ഭവന നിർമ്മാണം നടത്തിയ സ്ഥലം ഏതൊക്കെയാണെന്നും ഏതൊക്കെ ഭൂമിയിൽ നിർമ്മാണ പ്രവർത്തനം ആരംഭിക്കാതെ ഉണ്ടെന്നുമുള്ള വിശദവിവരം ജില്ല തിരിച്ചു ലഭ്യമാക്കുമോ;

(ബി) ലേലത്തിൽ വിൽക്കുന്ന വീടുകൾക്ക് ഏറ്റവും താഴ്ന്ന വില നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓരോ സ്ഥലത്തും അവ എത്രയാണെന്നു വ്യക്തമാക്കുമോ;